**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എസ്റ്റിമേറ്റ്സ് കമ്മിറ്റി (2004-06) 16-ാമത് റിപ്പോർട്ട് - സംസ്ഥാനത്തിന് പുറത്ത് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ ചുമതലയുള്ള വകുപ്പുകൾ തമ്മിലുള്ള ഏകോപിത പ്രവർത്തനം ഫലപ്രദമാക്കുന്നതിലേയ്ക്ക് ഹൈലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നമ്പർ. 406/2006/റവന്യൂ. തീയതി, തിരുവനന്തപുരം, 26.11.2006.

---

വായിച്ചത്:-1. 16.4.2005-ലെ ജി.ഒ.(എം.എസ്)126/05/പൊഭവ.

2. എസ്റ്റിമേറ്റ്സ് കമ്മിറ്റി (2004-06)യുടെ 16-ാമത് റിപ്പോർട്ട്

**ഉത്തരവ്**

മുകളിൽ രണ്ടാമതായി വായിച്ച എസ്റ്റിമേറ്റ്സ് കമ്മിറ്റി (2004-06) യുടെ 16-ാമത് റിപ്പോർട്ടിലെ അദ്ധ്യായം ഒന്നിൽ ഖണ്ഡിക 6-ലെ ശുപാർശ താഴെപറയും പ്രകാരമാണ്.

സംസ്ഥാനത്തിന് പുറത്ത് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ ചുമതലയുള്ള വകുപ്പുകൾ തമ്മിലുള്ള ഏകോപിതപ്രവർത്തനം ഫലപ്രദമാക്കുന്നതിന് റവന്യൂ വകുപ്പ് ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ഒരു-ഹൈലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണമെന്നും 16.4.05-ലെ ഉത്തരവ് കാര്യക്ഷമമായി നടപ്പാക്കണമെന്നും സംസ്ഥാനത്തിന് പുറത്ത് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ അതാത് വകുപ്പുകൾ അളന്ന് തിട്ടപ്പെടുത്തി ഉടമസ്ഥാവകാശം സമ്പാദിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് പുറത്ത് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ ചുമതലയുള്ള വകുപ്പുകൾ തമ്മിലുള്ള ഏകോപിത പ്രവർത്തനം ഫലപ്രദമാക്കുന്നതിനായി താഴെപ്പറയുന്ന വകുപ്പുകളേയും പ്രസ്തുത വകുപ്പുകൾക്കായി ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള പ്രതിനിധികളെയും ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ഹൈലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു ഉത്തരവാകുന്നു.

| | |
|---|---|
| 1. സാംസ്കാരികവും, പുരാവസ്തുവും വകുപ്പ് | പുരാവസ്തു വകുപ്പ് ഡയറക്ടർ |
| 2. വിവര-പൊതുജന സമ്പർക്ക വകുപ്പ് | ശ്രീ.എ.ഫിറോസ്, ഡെപ്യൂട്ടി ഡയറക്ടർ |
| 3. റവന്യൂ (ദേവസ്വം) വകുപ്പ് | ശ്രീ.കെ.ജയകുമാർ, അഡീ.ചീഫ് സെക്രട്ടറി |
| 4. ടൂറിസം വകുപ്പ് | അഡീഷണൽ ഡയറക്ടർ (ജനറൽ), ടൂറിസം |

0007115

| | |
|---|---|
| 5. പൊതുഭരണ വകുപ്പ് | അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ, പൊതുഭരണ വകുപ്പ്. |
| 6. പൊതുമരാമത്ത് വകുപ്പ് | ശ്രീ.ബാബു രാജ്. ചീഫ് എഞ്ചിനീയർ (Buildings) |
| 7. വനം വകുപ്പ് | ശ്രീ.സി.എസ്.യാലക്കി, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) |
| 8. റവന്യൂ വകുപ്പ് | പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്. |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

*ഡോ.നിവേദിത പി.ഹരൻ,*
പ്രിൻസിപ്പൽ സെക്രട്ടറി.

1. ബന്ധപ്പെട്ട വകുപ്പുകൾക്ക്
   (16.6.05-ലെ ജി.ഒ.(എം.എസ്)126/05/പൊ.ഭ.വ. ഉത്തരവിന്റെ പകർപ്പ് സഹിതം)
2. റസിഡന്റ് കമ്മീഷണർ, ന്യൂഡൽഹി,
3. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം,
4. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
5. പുരാവസ്തുവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം,
6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം,
7. ചീഫ് എഞ്ചിനീയർ (ഭരണം), പി.ഡബ്ല്യൂ.ഡി., തിരുവനന്തപുരം
8. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, (ഭരണം), തിരുവനന്തപുരം,
9. കമ്മീഷണർ, ദേവസ്വം ബോർഡ്, തിരുവനന്തപുരം,
10. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**മേലെഴുത്ത് നമ്പർ.പ്രൊ.(5)-15023/2001 തീയതി. 29.12.2008**

പകർപ്പ് : എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു.

പകർപ്പ് : എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു.

പകർപ്പ് : സ്റ്റോക്ക് ഫയൽ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ക്കുവേണ്ടി